# പതിനഞ്ചാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ഒക്ടോബർ 09, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

9 (*61) <u>സൗജന്യ കുടിവെള്ള വിതരണം</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടിയിൽ, ജൽ ജീവൻ മിഷൻ പ്രകാരം 464629 ബി.പി.എൽ. കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ടെന്നും പ്രതിമാസം 15,000 ലിറ്ററിൽ താഴെ ജല ഉപയോഗമുള്ള ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾക്ക് സൗജന്യമായാണ് കുടിവെള്ളം നൽകിവരുന്നതെന്നും ഈ ഇനത്തിൽ 06/2024 വരെ 138.21 കോടി രൂപ ചിലവഴിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. നിലവിൽ ബി.പി.എൽ സബ്സിഡി പ്രയോജനപ്പെടുത്തുന്ന ഉപഭോക്താക്കളുടെ എണ്ണത്തിലും നൽകുന്ന

സബ്സിഡി തുകയിലും വർദ്ധനവുണ്ടായിട്ടുണ്ട്. 2024 സാമ്പത്തിക വർഷം പത്ത് ലക്ഷത്തിലധികം പേർ ബി.പി.എൽ. ഇളവിനായി അപേക്ഷിച്ചതിൻപ്രകാരം പ്രതിമാസം 12 കോടി രൂപയോളം അധിക ചെലവ് വരുമെന്ന് കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് അനുവദിക്കുന്നതിനായി വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. ജൽജീവൻ മിഷൻ പ്രകാരം 35,810 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും 10,300 കോടിയിലധികം രൂപ കരാറുകാർക്ക് നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കുടിവെള്ള പദ്ധതിക്കായി വെട്ടിമുറിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കിയിട്ടുണ്ടെന്നും Ministry of Road Transport and Highways of India (MoRTH)-യുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നാട്ടകം കുടിവെള്ള പദ്ധതി പൂർത്തീകരിക്കാനാകുമെന്നും എറണാകുളം ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എ.ഡി.ബി. പദ്ധതിയിലുൾപ്പെടുത്തി 190 MLD പ്ലാന്റ് നിർമ്മിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ജൽ ജീവൻ മിഷൻ പദ്ധതിയിൻകീഴിൽ ഫ്ലെഡ് കൺട്രോൾ ഡാമുകൾ

സ്ഥാപിക്കാനാകുമോയെന്ന് പരിശോധിക്കുന്നതോടൊപ്പം ജലസ്രോതസുകൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. അമൃത് പദ്ധതിയിലുൾപ്പെടുത്തി പുനലൂരിൽ പുതിയ കുടിവെള്ള പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി വാട്ടർ അതോറിറ്റിയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ജലശുദ്ധീകരണശാലകളും ജലസംഭരണികളും സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യമൊരുക്കി വ്യൂ ടവറുകൾ, നാച്വർ ട്രെയിൽ ഷോർട്ട് സ്റ്റേ തുടങ്ങിയവ ക്രമീകരിക്കുന്നതും വെല്ലിംഗ്ടൺ വാട്ടർ വർക്സ് സന്ദർശകർക്കായി തുറന്നുനൽകുന്നതും നിലവിലുള്ള അതിഥി മന്ദിരങ്ങൾ പുതുക്കിപ്പണിതും പുതിയവ നിർമ്മിച്ചും ഓൺലൈൻ ബുക്കിംഗിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതുമാണ്. പൊതു/സ്വകാര്യ പങ്കാളിത്തത്തോടെ വാണിജ്യ കേന്ദ്രങ്ങൾ, കൺവെൻഷൻ സെന്ററുകൾ എന്നിവ നിർമ്മിച്ച് വാടകയ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും ജലവിഭവ വകുപ്പിന്റെ ആസ്ഥാന മന്ദിരവും പരിസരവും ആകർഷക കേന്ദ്രമാക്കി മാറ്റുന്നതിന് കേരള സ്റ്റാർട്ടപ് മിഷന്റെ സഹായത്തോടെ ഒരു ഇൻഫോടെയ്ൻമെന്റ് പാർക്ക് സ്ഥാപിക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടെന്നും അതോറിറ്റിയുടെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങളിൽ

പ്ലബിംഗ്, ജലശുദ്ധീകരണം എന്നിവയിൽ സർട്ടിഫിക്കറ്റ് കോഴ്സ്, നൈപുണ്യ വികസനം എന്നിവ ആരംഭിക്കാനും മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ടെസ്റ്റിംഗ് ലാബുകൾ സജ്ജീകരിക്കാനും ആലോചിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

10 (*62) <u>ഭൂമിയുടെ അവകാശികൾ</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ലാന്റ് ബാങ്ക്, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം, റവന്യൂ ഭൂമി വിതരണം, ലൈഫ് മിഷൻ തുടങ്ങിയ പദ്ധതികൾ മുഖേനയും പട്ടികജാതി വികസന വകുപ്പുമുഖേന ധനസഹായം അനുവദിച്ചും ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നാളിതുവരെ 41359 പട്ടികവർഗ കുടുംബങ്ങൾക്ക് 51568.37 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പട്ടികജാതി വിഭാഗങ്ങൾ സമൂഹത്തിൽ നേരിടുന്ന വെല്ലുവിളികളും ചൂഷണങ്ങളും ഫലപ്രദമായി തടയുന്നതിനും തുല്യ സ്വാതന്ത്ര്യവും അവകാശങ്ങളും ഉറപ്പുവരുത്തുന്നതിനുമായി പട്ടികജാതി വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമം 1989, പൗരാവകാശ സംരക്ഷണ നിയമം 1995

എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. 1999-ലെ കെ.എസ്.റ്റി ആക്ട് പ്രകാരം പട്ടികവർഗക്കാരുടെ ഭൂമിയുടെ അവകാശം സംരക്ഷിക്കുവാനും ഭൂമി കൈമാറ്റം നിയന്ത്രിക്കുവാനും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ചു നൽകാനും റവന്യൂ വകുപ്പു മുഖേന നടപടി സ്വീകരിക്കുകയും വനാവകാശ നിയമപ്രകാരം വനഭൂമിയിന്മേലുള്ള അവകാശം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ആദിവാസി പുനരധിവാസ മിഷൻ മുഖേന പട്ടികവർഗ കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും ജീവനോപാധി കണ്ടെത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ഇവരെ സാമൂഹിക-സാമ്പത്തിക-ആരോഗ്യ രംഗങ്ങളിൽ മുഖ്യധാരയിൽ എത്തിക്കുന്നതിന് പ്രീമെട്രിക്/പോസ്റ്റ് മെട്രിക് സ്കോളർഷിപ് പദ്ധതികൾ, സാമൂഹ്യ പഠന മുറി, ഗോത്രബന്ധു പദ്ധതി, വിദ്യാ വാഹിനി, സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, ജനനി ജന്മരക്ഷ പദ്ധതി, പട്ടികവർഗ്ഗ ദുരിതാശ്വാസനിധി, ഭക്ഷ്യ സഹായ പദ്ധതി, കൈത്താങ്ങ്, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി തുടങ്ങി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. സാമ്പത്തിക ഉന്നമനപരിപാടികളോടൊപ്പം തനിമ നിലനിർത്തുന്ന കാർഷിക വികസന പദ്ധതികളും ഉത്പന്നങ്ങളുടേയും കലകളുടേയും

പ്രദർശന വിപണന മേളകളും പാരമ്പര്യ അറിവുകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതികളും നടപ്പാക്കുന്നുണ്ട്. ഇതിനുപുറമെ പിന്നാക്ക വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനുമായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ഒ.ഇ.സി. പ്രീമെട്രിക്/പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ, ഓവർസീസ് സ്കോളർഷിപ്പ്, എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം തുടങ്ങി വിവിധങ്ങളായ വിദ്യാഭ്യാസ വികസന ക്ഷേമ പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിധവകൾക്കുള്ള സ്വയംതൊഴിൽ പദ്ധതിക്കായി 2.75 കോടി രൂപയും മൊബൈൽ സ്ട്രീറ്റ് വെന്റിങ് കാർട്ട് പദ്ധതിക്കായി 45 ലക്ഷം രൂപയും എഞ്ചിനിയറിങ് പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ് സംരംഭങ്ങൾക്കുള്ള ധനസഹായമായി 2.5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന 11532 കുടുംബങ്ങൾക്കും ലൈഫ് മിഷൻ മുഖേന 11807 കുടുംബങ്ങൾക്കും ഭൂമി അനുവദിച്ചതിനുപുറമെ ലാന്റ് ബാങ്ക് പദ്ധതിയിലൂടെ 260 കുടുംബങ്ങൾക്ക് 50.83 ഏക്കർ ഭൂമിയും അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ വിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുപുറമെ

പാർപ്പിട പദ്ധതി, ഭവന പുനരുദ്ധാരണ പദ്ധതി, 'ഉന്നതി' പദ്ധതി, പ്രഭാത ഭക്ഷണ പരിപാടി, മില്ലറ്റ് വില്ലേജ്, നമത് വെള്ളാമെ പദ്ധതി തുടങ്ങി ഒട്ടനവധി പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. വനാവകാശ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് വനം, റവന്യൂ വകുപ്പുകളുമായുള്ള ഏകോപനം ഉറപ്പുവരുത്തുന്നതാണ്. ആധികാരിക രേഖകളായ ജനന സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, റേഷൻ കാർഡ്, തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്, ആരോഗ്യ ഇൻഷ്വറൻസ് കാർഡ്, ബാങ്ക് പാസ് ബുക്ക്, വിദ്യാഭ്യാസ രേഖകൾ, പെൻഷൻ രേഖകൾ തുടങ്ങിയവ വിവിധ വകുപ്പുകളിൽനിന്നും ലഭ്യമാക്കി ആയത് ഡിജി ലോക്കറിൽ സൂക്ഷിക്കുന്നതിന് Akshaya Big Campaign for Document Digitization (ABCD) പദ്ധതി നടപ്പാക്കിവരുന്നുണ്ടെന്നും തിരുവനന്തപുരം, പത്തനംതിട്ട, വയനാട് ജില്ലകളിൽ ടി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും മറ്റ് ജില്ലകളിൽ നടപടികൾ നടന്നുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. വനാവകാശ നിയമപ്രകാരം പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ കേന്ദ്ര ഗവൺമെന്റ് ഫലപ്രദമായ നടപടി സ്വീകരിക്കുന്നില്ലെന്നും പത്തനംതിട്ട റാന്നി വില്ലേജിലെ 6500

കുടുംബങ്ങളുടെ അപേക്ഷ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് വനം-വന്യജീവി വകുപ്പുമന്ത്രി അറിയിച്ചു.

11 (*63) സിനിമ സെറ്റുകളിൽ ആഭ്യന്തര പരാതി പരിഹാര സമിതികൾ

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരമുള്ള ആഭ്യന്തര പരാതി പരിഹാര സമിതികൾ സിനിമാ നിർമ്മാണ മേഖലയിൽ നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നിയമ നിർമ്മാണത്തിന്റെ സാധ്യത സർക്കാർ പരിഗണിക്കുന്ന സാഹചര്യത്തിൽ സിനിമാ സെറ്റുകളിൽ ടി സംവിധാനം ഉറപ്പാക്കുന്ന വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്നും സഭയെ അറിയിച്ചു. ആഭ്യന്തര പരാതി പരിഹാര സമിതി രൂപീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിക്കൊണ്ടുമാത്രമേ ഫിലിം നിർമ്മാണ യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നൽകുകയുള്ളൂവെന്ന് കേരള ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ ഉറപ്പുനൽകിയിട്ടുണ്ടെന്ന് കേരള വനിതാ കമ്മീഷൻ അറിയിച്ചിട്ടുണ്ട്. കൂടാതെ, കമ്മീഷൻ നിർദ്ദേശിച്ചതിൻപ്രകാരം ഓരോ സിനിമാ യൂണിറ്റിലും ഇന്റേണൽ

കംപ്ലെയ്ന്റ് കമ്മിറ്റിയും മേൽനോട്ടത്തിനായി മലയാള സിനിമാ മേഖലയിലെ സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലും കോർപ്പറേഷൻ നിർമ്മിക്കുന്ന വനിത, എസ്.സി/എസ്.റ്റി സിനിമാ പദ്ധതി പ്രകാരമുള്ള സിനിമകളുടെ സെറ്റുകളിലും ടി സമിതി രൂപീകരിച്ചിട്ടുണ്ട്. ഷൂട്ടിംഗ് ലൊക്കേഷനുകളിൽ ഇത്തരം സമിതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ചീഫ് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. ഇരയുടെ സ്വകാര്യത മാനിക്കണമെന്നും റിപ്പോർട്ട് കൈമാറുമ്പോൾ സുപ്രീംകോടതിയുടെ തത്വങ്ങൾ പാലിക്കണമെന്നുമുള്ള ജസ്റ്റിസ് കെ. ഹേമയുടെ കത്തിന്റെയും വിവരാവകാശ കമ്മീഷന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് റിപ്പോർട്ടിലെ വിവരങ്ങൾ വെളിപ്പെടുത്താതിരുന്നതെന്നും നിലവിൽ ടി റിപ്പോർട്ടിലെ വിവരങ്ങൾ സംബന്ധിച്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തിവരികയാണെന്നും റിപ്പോർട്ടിലെ ശിപാർശപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ സിനിമാ സെറ്റുകളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുമെന്നും സംസ്ഥാനത്ത് സമഗ്രമായ സിനിമാ നയം രൂപീകരിക്കുന്നത് സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് സർക്കാർ

പരിശോധിച്ചുവരികയാണെന്നും ഇന്ത്യയിലാദ്യമായി സിനിമാരംഗത്തെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി ഒരു സമിതിയെ നിയോഗിച്ചത് കേരളമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.